ഉത്തരം

(എ&ബി) ബിവറേജസ് കോർപ്പറേഷൻ 2012-13 കാലയളവിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 3.50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. 9-6-2014-ലെ ജി.ഒ.(എം എസ്) നമ്പർ 86/2014/നി.വ. ഉത്തരവ് പ്രകാരം 3.50 കോടി രൂപയിൽനിന്നും 1,00,35,840 രൂപ തെരഞ്ഞെടുക്കപ്പെട്ട 11 ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുകയായ 2,49,64,160-ൽനിന്നും 1 കോടി രൂപ അർഹരായ അന്ധർക്ക് 500 ബ്രയിലി കമ്പ്യൂട്ടറുകളും 1500 വാക്കിങ് സ്റ്റിക്കുകളും വാങ്ങുന്നതിലേക്കായി നീക്കിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി എക്സൈസ് കമ്മീഷണർ ചെയർമാനായും കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറായും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ, ഒരു സാമൂഹ്യ പ്രവർത്തക എന്നിവർ മെമ്പർമാരായുള്ള സംസ്ഥാനതല സമിതിയും ജില്ലാകളക്ടർ ചെയർമാനായും ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കൺവീനറായും ജില്ലാ സാമൂഹ്യ നീതി വെൽഫെയർ ഓഫീസർ, ഒരു സാമൂഹ്യ പ്രവർത്തകൻ എന്നിവർ മെമ്പർമാരുമായി ജില്ലാതല സമിതികളും രൂപീകരിച്ചിട്ടുണ്ട്.

മദ്യത്തിന് സെസ്സ്

118 (3750) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ രോഗികൾക്ക് സൗജന്യ മരുന്ന് വിതരണത്തിനു തുക കണ്ടെത്തുന്നതിനായി മദ്യത്തിന് സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രതിവർഷം പ്രസ്തുത ഇനത്തിൽ എന്ത് തുക പിരിച്ചെടുക്കാനാകുമെന്ന് കരുതുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ബി.സി. എത്ര ശതമാനം സെസാണ് ഇതിനായി ചുമത്തിയിരിക്കുന്നത് ;

(ഡി) സെസ് നിരക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിർദ്ധനരായ രോഗികൾക്ക് സൗജന്യ മരുന്ന് വിതരണത്തിനായി മദ്യത്തിന് 1% സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രതിവർഷം ഈ ഇനത്തിൽ എത്ര തുക പിരിച്ചെടുക്കാൻ കഴിയുമെന്നത് മദ്യത്തിന്റെ വിൽപ്പനയെ ആശ്രയിച്ചിരിക്കും. 2012-13-ൽ 26.02 കോടി രൂപയും 2013-14-ൽ 44.03 കോടി രൂപയും 2014-15 ഒക്ടോബർ വരെ 28.20 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

(സി) വിദേശമദ്യത്തിന്റെയും ബിയറിന്റെയും വിൽപ്പന നികുതിയുടെ 1% ആണ് മെഡിക്കൽ സെസ് ആയി ചുമത്തീയിരിക്കുന്നത്.

(ഡി) നിലവിൽ പരിഗണനയിലില്ല.

മദ്യപാനവും മദ്യവ്യാപാരവും അയോഗ്യതയാക്കാൻ നടപടി

119 (3751) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മദ്യനയത്തിന്റെ ഭാഗമായി മദ്യപാനവും മദ്യവ്യാപാരവും ഏതെങ്കിലും മേഖലകളിൽ അയോഗ്യതയായി കണക്കാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിന് ഇവ അയോഗ്യതയായി കണക്കാക്കണമെന്ന അഭിപ്രായത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly